**75 (1181) വകയാർ-മുറിഞ്ഞകൽ റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഒരു പ്രധാന കെ.ഐ.പി. റോഡായ വകയാർ-മുറിഞ്ഞകൽ റോഡ് ഗതാഗത യോഗ്യമല്ലാതായിട്ട് എത്രകാലമായെന്നും ഇതിന്റെ പണി എന്നാണ് ടെണ്ടർ ചെയ്തതെന്നും വ്യക്തമാക്കുമോ;

(ബി) ടെൻഡർ ചെയ്തു കരാർ ചെയ്ത് ഉറപ്പിച്ചതിനുശേഷം ഇതിന്റെ പണിക്ക് എന്തെങ്കിലും തടസ്സമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട വകുപ്പിലെ 12724/ഐ.ആർ.1/96/ഐ.ആർ.ഡി. നമ്പർ ഫയലിലുള്ള നടപടി ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് റോഡ് ഗതാഗതയോഗ്യമാക്കാൻ സാധിക്കാതിരിക്കുന്നതുമൂലം ദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകയാർ-മുറിഞ്ഞകൽ റോഡ് 1990 മുതൽ ഗതാഗത യോഗ്യമല്ലാതായി 16.5.1991 ന് ഈ പണി ടെണ്ടർ ചെയ്തു.

(ബി) ഉണ്ട്. ഡിപ്പാർട്ടുമെന്റ് മെറ്റീരിയൽസ് ഇല്ലാത്തതിനാലാണ് പണിക്ക് തടസ്സമുണ്ടായത്.

(സി) റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിനായി ഇക്കാര്യത്തിൽ ചില വിശദീകരണങ്ങൾ ചീഫ് എഞ്ചിനീയർ, പ്രോജക്ട്-3 ൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുവാദം കൊടുത്തതിനുശേഷം പ്രസ്തുത റോഡിന്റെ പണി കഴിവതും വേഗം പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നതാണ്.

**76 (1182) കുമ്പഴ പാലത്തിന്റെ സംരക്ഷണം**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ പാലത്തിന് ഭീഷണിയാവുന്നതരത്തിൽ പാലത്തിന്റെ ഇരുകരകളും ഇടിയുന്നത് തടയാൻ കര കെട്ടി സംരക്ഷിക്കാനുള്ള നടപടി എന്നാണ് ആരംഭിച്ചത്;

(ബി) ഇതിന്റെ ടെണ്ടർ കൊടുത്ത് പണി ആരംഭിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly